# പതിനാലാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## പത്തൊൻപതാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020 മാർച്ച്

പതിനാലാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## പത്തൊൻപതാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020 മാർച്ച്

406/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. 2020 മാർച്ച് 13-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ് | .. | 3 |

# കാര്യോപദേശക സമിതി

**ഘടന**

<u>**എക്സ് - ഒഫീഷ്യോ ചെയർമാൻ**</u> :

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ (സ്പീക്കർ).**

<u>**അംഗങ്ങൾ**</u> :

**ശ്രീ. എ. കെ. ബാലൻ**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

**ശ്രീ. പി. ജെ. ജോസഫ്**

**ശ്രീ. കെ. കൃഷ്ണൻകുട്ടി**

**ഡോ. എം. കെ. മുനീർ**

**ശ്രീ. രമേശ് ചെന്നിത്തല**

**ശ്രീ. എ. കെ. ശശീന്ദ്രൻ**

**ശ്രീ. പിണറായി വിജയൻ.**

<u>**നിയമസഭാ സെക്രട്ടേറിയറ്റ്**</u> :

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.**

# റിപ്പോർട്ട്

കാര്യോപദേശക സമിതിയംഗവും സഭാ നേതാവുമായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2020 മാർച്ച് 13-ാം തീയതി, വെള്ളിയാഴ്ച രാവിലെ 8.30-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ ശിപാർശകൾ താഴെക്കൊടുത്തിരിക്കുന്നു :

കോവിഡ് - 19 വൈറസ് വ്യാപനത്തെത്തുടർന്ന് സംസ്ഥാനത്ത് ഉണ്ടായിരിക്കുന്ന ആശങ്കകളും പ്രത്യേക സാഹചര്യവും കണക്കിലെടുത്ത് 2020 ഏപ്രിൽ 8 വരെ ചേരാൻ നിശ്ചയിച്ചിരിക്കുന്ന നടപ്പുസമ്മേളനം വെട്ടിച്ചുരുക്കുന്നതാവും ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇന്ന് (13-3-2020)-ന് അനൗദ്യോഗികാംഗങ്ങളുടെ കാര്യം ഒഴിവാക്കുന്നതിനും 2020 മാർച്ച് 16, 17, 18, 19, 23, 24, 25 എന്നീ തീയതികളിലേക്ക് നിശ്ചയിച്ചിരുന്ന ധനാഭ്യർത്ഥനകളും പതിനാലാം കേരള നിയമസഭാംഗമായിരുന്ന എൻ. വിജയൻപിള്ളയുടെ നിര്യാണം സംബന്ധിച്ച റഫറൻസിനായി 10-3-2020-ന് സമ്മേളിച്ചതിനാൽ അന്നേദിവസത്തേക്ക് നിശ്ചയിച്ചിരുന്ന ധനാഭ്യർത്ഥനകളും ഇന്നുതന്നെ പരിഗണനയ്ക്കെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്യണമെന്നും നടപ്പുസമ്മേളനത്തിന്റെ കലണ്ടറനുസരിച്ച് 2020 മാർച്ച് 30-ന് അവതരിപ്പിക്കേണ്ടിയിരുന്ന, 2020 -2021 സാമ്പത്തിക വർഷത്തെ ബജറ്റ് സംബന്ധിച്ച കേരള ധനവിനിയോഗ (രണ്ടാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും 2020-ലെ കേരള ധനകാര്യബില്ലുകളുടെ അവതരണവും ഇന്നുതന്നെ നടത്തുവാനും സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് നടപ്പുസമ്മേളനം താൽക്കാലികമായി നിർത്തിവെയ്ക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

പിണറായി വിജയൻ,

*സഭാ നേതാവും*

*കാര്യോപദേശക സമിതി അംഗവും.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,

തിരുവനന്തപുരം.

2020 മാർച്ച് 13.

അനുബന്ധം

## 2020 മാർച്ച് 13-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ്

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2020 മാർച്ച് 13-ാം തീയതി, വെള്ളിയാഴ്ച രാവിലെ 8.30-ന് നിയമസഭാ മന്ദിരത്തിലെ ബി. എ. സി.ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ യോഗത്തിൽ സന്നിഹിതരായിരുന്നു :

ശ്രീ. എ. കെ. ബാലൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. കെ. കൃഷ്ണൻ കുട്ടി

ഡോ. എം. കെ.മുനീർ

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. പിണറായി വിജയൻ

ശ്രീ. അനൂപ് ജേക്കബ് , (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. കെ. ബി. ഗണേഷ് കുമാർ ,,

ശ്രീ. കെ. സി. ജോസഫ് ,,

ശ്രീ. കെ. രാജൻ ,,

ശ്രീ. ഒ. രാജഗോപാൽ ,,

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ,,

ശ്രീ. എസ്. ശർമ്മ ,,

ശ്രീ. വി. എസ്. സുനിൽ കുമാർ. ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ആർ. കിഷോർ കുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി.

കോവിഡ് -19 വൈറസ് വ്യാപനത്തെത്തുടർന്ന് സംസ്ഥാനത്ത് ഉണ്ടായിരിക്കുന്ന ആശങ്കകളും പ്രത്യേക സാഹചര്യവും കണക്കിലെടുത്ത് 2020 ഏപ്രിൽ 8 വരെ ചേരാൻ നിശ്ചയിച്ചിരിക്കുന്ന നടപ്പുസമ്മേളനം വെട്ടിച്ചുരുക്കുന്നതാവും ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇന്ന് (13-3-2020)-ന് അനൗദ്യോഗികാംഗങ്ങളുടെ കാര്യം ഒഴിവാക്കുന്നതിനും 2020 മാർച്ച് 16, 17, 18, 19, 23, 24, 25 എന്നീ തീയതികളിലേക്ക് നിശ്ചയിച്ചിരുന്ന ധനാഭ്യർത്ഥനകളും പതിനാലാം കേരള നിയമസഭാംഗമായിരുന്ന എൻ.വിജയൻപിള്ളയുടെ നിര്യാണം സംബന്ധിച്ച റഫറൻസിനായി 10-3-2020-ന് സമ്മേളിച്ചതിനാൽ അന്നേദിവസത്തേക്ക് നിശ്ചയിച്ചിരുന്ന ധനാഭ്യർത്ഥനകളും ഇന്നുതന്നെ പരിഗണനയ്ക്കെടുക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്യണമെന്നും നടപ്പുസമ്മേളനത്തിന്റെ കലണ്ടറനുസരിച്ച് 2020 മാർച്ച് 30-ന് അവതരിപ്പിക്കേണ്ടിയിരുന്ന 2020 -2021 സാമ്പത്തിക വർഷത്തെ ബജറ്റ് സംബന്ധിച്ച കേരള ധനവിനിയോഗ (രണ്ടാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും 2020-ലെ കേരള ധനകാര്യബില്ലുകളുടെ അവതരണവും ഇന്നുതന്നെ നടത്തുവാനും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് നടപ്പുസമ്മേളനം താൽക്കാലികമായി നിർത്തിവെയ്ക്കാൻ ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

ചർച്ച ചെയ്ത് പാസ്സാക്കാൻ ബാക്കിയുള്ള ധനാഭ്യർത്ഥനകൾ ഒരുമിച്ച് പാസ്സാക്കുന്നതിന് ശിപാർശ ചെയ്യാനുള്ള തീരുമാനത്തിനോടും വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ച് പാസ്സാക്കി താൽക്കാലികമായി സഭ പിരിയാമെന്ന നിർദ്ദേശം സ്വീകരിക്കാത്തതിനോടും ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. കെ. സി. ജോസഫ്, ഡോ. എം. കെ. മുനീർ, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. അനൂപ് ജേക്കബ് എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാവിലെ 8.50-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.